# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3155 — 03.04.2013-ലെ മറുപടിയ്ക്ക്

## ''ഹോർട്ടികോർപ്പിൻെറ പച്ചക്കറി സ്റ്റാളുകൾ '

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില കുതിച്ചുയരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ഉത്സവ സമയങ്ങളിലും മറ്റു ചില പ്രത്യേക സാഹചര്യങ്ങളിലും പച്ചക്കറിക ളുടെ വില കുതിച്ചുയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. |
| (ബി) ഈ വിലക്കയറ്റം നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്; | (ബി) പച്ചക്കറി വില ക്രമാതീതമായി ഉയരു മ്പോൾ ഹോർട്ടികോർപ്പ്, വി.എഫ്.പി.സികെ. എന്നീ ഏജൻസികൾ വിപണി ഇടപെടൽ നടത്തി വില നിയന്ത്രിക്കുന്നു. ഇത്തരത്തിൽ 2012 മേയ് മാസം മുതൽ ആഗസ്റ്റ് മാസം വരെ വിപണി വില യേക്കാൾ 30 ശതമാനം വരെ വില കുറച്ച് പച്ച ക്കറി വിപണനം നടത്തിയിട്ടുണ്ട് ഇത്തരത്തിൽ ഹോർട്ടികോർപ്പിൻെറ, സ്ഥിരം പച്ചക്കറി സ്റ്റാളുക ൾക്കു പുറമെ പുതുതായി ആരംഭിച്ച സ്റ്റാളുകളിലൂ ടെയും സപ്ലൈകോയുമായി സഹകരിച്ച് തുടങ്ങിയ സ്റ്റാളുകളിലൂടെയും സബ്സിഡി നിരക്കിൽ പച്ച ക്കറി വില്പന നടത്തുന്നു. വി.എഫ്.പി.സി.കെ മുഖേനയും 150 റീട്ടെയിൽ സ്റ്റാളുകളിലൂടെ സബ് സിഡി നിരക്കിൽ പച്ചക്കറി വിപണനം നടത്തിയി ട്ടുണ്ട്. 30 ശതമാനം കുറഞ്ഞ വിലയ്ക്ക് പച്ചക്കറി വില്പന നടത്തിയതിൻെറ സബ്സിഡിയായി മാർക്കറ്റ് ഇൻറർവെൻഷൻ ഫോർ പ്രൈസ് സ്റ്റബി ലൈസേഷൻ പദ്ധതി 2012-13 ൽ 1133.54 ലക്ഷം |

| | |
|---|---|
| | രൂപ ഹോർട്ടികോർപ്പിനും 560 ലക്ഷം രൂപ വി.എഫ്.പി.സി.കെയ്ക്കും അനുവദിച്ചിട്ടുണ്ട്. |
| (സി) വിലനിയന്ത്രിക്കുവാൻ ഹോർട്ടികോർപ്പ് വഴി പച്ചക്കറി വില്പന നടത്തുന്നുണ്ടോ; | (സി) പച്ചക്കറികളുടെ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ 15 മുതൽ 30 ശതമാനം വരെ വിപണി വിലയേക്കാൾ വില കുറച്ച് ഹോർട്ടികോർപ്പ് വിപണനം നടത്തുന്നുണ്ട്. കൂടാതെ സമയാസമയങ്ങളിൽ സപ്ലൈകോയുമായും മറ്റു സമാന പൊതുമേഖലാ സ്ഥാപനങ്ങളുമായും സഹകരിച്ച് വിപണന കേന്ദ്രങ്ങളും സംഘടിപ്പിക്കുന്നുണ്ട്. |
| (ഡി) സ്വകാര്യ വിപണിയേക്കാൾ വില കൂട്ടി വിറ്റതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) വിലകൂട്ടി വിൽപ്പന നടത്തുന്ന ഹോർട്ടിക്കോർപ്പ് ഫ്രാഞ്ചൈസികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ സ്ഥിരം സംവിധാനം നിലവിലുണ്ട്. അതത് ജില്ലാ അസിസ്റ്റന്റ് മാനേജർമാരുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തുകയും, ഫൈൻ ഈടാക്കുക, ഫ്രാഞ്ചൈസി റദ്ദ് ചെയ്യുക തുടങ്ങിയ നടപടികൾ കർശനമായി നടപ്പിലാക്കി വരുന്നു. |
| (ഇ) ഹോർട്ടികോർപ്പിന് ആവശ്യമായ പച്ചക്കറികൾ എവിടെ നിന്നുമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഇ) സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ന്യായ വില നൽകി കർഷകരിൽ നിന്നും, വി.എഫ്.പി.സി.കെ വിപണികൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, സംഘമൈത്രികൾ, മറ്റ് കർഷക കൂട്ടായ്മകൾ എന്നിവയിൽ നിന്നും ദിനംപ്രതി സംഭരിക്കുന്നുണ്ട്. കേരളത്തിലെ കർഷകരിൽ നിന്നും പച്ചക്കറികൾ കിട്ടാത്ത സാഹചര്യങ്ങളിലും കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികളും അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നുണ്ട്. |

Y

സെക്ഷൻ ഓഫീസർ

(ബി) ഈ സ്കീം നടപ്പാക്കുന്നതിന് തിരുവനന്തപുരം ജില്ലയ്ക്കായി നീക്കിവച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?